# മലയാളിയുടെ 'താങ്ക്സ് ഗിവിംങ്'



കോര ചെറിയാൻ

ഏതാണ്ട് 4 ശതാബ്ദങ്ങളായി അമേരിക്കയിലേക്ക് കുടിയേറിയ മലയാളിക്ക് ജന്മനാട്ടിനിൽനിന്നോ, കൂട്ടരിൽനിന്നോ ലഭിച്ച താങ്ക്സ് വളരെ വളരെ വിരളമാണ്. പകയും പരിഭവവും, പരിഹാസവും പലർക്കും പരിധികളില്ലാതെ കിട്ടി. ശുഭപ്രതീക്ഷകളോടെ പിറന്നുവീണ മണ്ണിലേയ്ക്കുള്ള പ്രയാണത്തിൽ ഇമിഗ്രേഷൻ കൗണ്ടർ മുതൽ പീഢനം തുടങ്ങുന്നു. വിമാന സഞ്ചാരം 'ഏയർ ഇൻഡ്യ'യിലാണെങ്കിൽ മദ്ധ്യാകാശത്തിൽ എത്തുന്നതിനുമുമ്പായിത്തന്നെ നിന്ദയും നെറികേടും യാത്രക്കാരെ പരിചരിക്കേണ്ട ജീവനക്കാരിൽനിന്നും നിർലോഭം ലഭിക്കുന്നു.

അമേരിക്കൻ ജനത ഈശ്വരനോടും സഹായിച്ച സമൂഹത്തോടും വ്യക്തികളോടും പ്രാർത്ഥനയോടെ ഹൃദയംനിറഞ്ഞ കൃതാർത്ഥത ഈ ദിവസം പ്രകടിപ്പിക്കുന്നു.

നവംബർ മാസത്തിലെ അവസാന ആഴ്ചയിലെ വ്യാഴാഴ്ച 'താങ്ക്സ് ഗിവിംഗ്' എന്ന് നാമകരണം നല്കി പൊതു ഒഴിവുദിവസമായി അമേരിക്കൻ ഗവണ്മെന്റ് ആദരിക്കുന്നു.

ഇറാന്റെ ആണവ ആവേശത്തേയും മുൻ ഇറാക്ക് പ്രസിഡന്റ് സദ്ദാം ഹുസൈന്റെ അഹങ്കാരത്തേയും ലിബിയൻ പ്രസിഡന്റായിരുന്ന മുഹമ്മദ് ഖദാബിയുടെ താണ്ഡവനൃത്തത്തേയും അവസാനിപ്പിക്കുവാനുള്ള സാമ്പത്തിക സൈനിക ബലം ലഭിച്ചതും ഒരുപക്ഷേ ഇതുപോലുള്ള നന്ദി പ്രകടനങ്ങൾ മൂലം ലഭിച്ച ഈശ്വരാനുഗ്രഹം ആയിരിക്കാം. അമേരിക്ക ഇന്ന് ലോകത്തെ മോഹിപ്പിക്കുന്ന 'അമേരിക്കൻ ഡ്രീം' ആയി മാറി.

അമേരിക്ക എന്ന രാജ്യത്തോടൊപ്പം ഇഴചേർന്ന് കിടക്കുന്നതാണ് അമേരിക്കൻ ഡ്രീം എന്ന സങ്കൽപം. സൃഷ്ടാവിനു കീഴിൽ എല്ലാ മനുഷ്യരും സമന്മാരാണെന്നും ജീവിതത്തിനും സന്തോഷത്തിനും ഉള്ള അവകാശം എല്ലാവർക്കും ഉണ്ടെന്നും അമേരിക്കയുടെ സ്ഥാപക പിതാക്കന്മാർ ദർശിച്ചിരുന്നു. അവസര സമത്വത്തിന്റെയും വ്യക്തി സ്വാതന്ത്ര്യത്തിന്റെയും അടിത്തറയിൽ പുതിയൊരു രാഷ്ട്രത്തിന്റെ പരീക്ഷണത്തിന് അവർ അടിത്തറയിട്ടു.

ജനാധിപത്യത്തിന്റെ ആധുനിക രൂപത്തിനും തുടക്കമിടുകയായിരുന്നു. ലോകം അന്നുവരെ കാണാത്ത പുതിയൊരു രാഷ്ട്രീയ പരീക്ഷണം അവിടെ ആരംഭിച്ചു. സ്വാതന്ത്ര്യം ഉണർത്തിയ മനുഷ്യചേതനയിൽ അമേരിക്കൻ നിർമിതി ഉദ്ഘാടനം ചെയ്യപ്പെട്ടു. കോളനിവാഴ്ചയും രാജഭരണവും മാത്രം പരിചിതമായിരുന്ന ഒരു കാലഘട്ടത്തിലാണ് മൂന്ന് നൂറ്റാണ്ടുകൾക്ക് മുൻപ് (1776) അമേരിക്കൻ വിപ്ലവം നടക്കുന്നതും ഒരു സ്വതന്ത്ര ജനാതിപത്യ രാഷ്ട്രം ഉടലെടുക്കുന്നതും. കടുത്ത പോരാട്ടത്തിലൂടെയാണ് ബ്രിട്ടീഷ് രാജഭരണത്തിൽ നിന്ന് അമേരിക്ക സ്വന്ത്രമാകുന്നത്. ജനറൽ ജോർജ് വാഷിങ്ടണിന്റെ നേതൃത്വത്തിലുള്ള അമേരിക്കൻ സേന ബ്രിട്ടീഷ് സൈന്യത്തെ തുരത്തുകയായിരുന്നു. പിന്നീട് 13 കോളനികൾ ചേർന്ന് യൂണൈറ്റഡ് സ്റ്റേറ്റ്സ് ഓഫ് അമേരിക്കയ്ക്ക് രൂപം നൽകി.

അമേരിക്കൻ വിപ്ലവത്തിന് (1776) ശേഷം 13വർഷങ്ങൾ കഴിയുമ്പോഴാണ് ഫ്രഞ്ച് വിപ്ലവം (1789). ജനാധിപത്യവും സോഷ്യലിസവും പ്രഖ്യാപിക്കുന്ന ഫ്രഞ്ച് വിപ്ലവം പിന്നീടുള്ള പല തലമുറകളെ ലോകമെങ്ങും ഇളക്കി

മറിച്ചെങ്കിലും അതിന്റെ സ്വന്തം വേദിയായിരുന്ന ഫ്രാൻസ് നിലംപതിക്കാൻ അധികകാലം വേണ്ടിവന്നില്ല. സോഷ്യലിസവും ജനാധിപത്യവും സ്വാതന്ത്ര്യവും ഒക്കെ മോഹിപ്പിക്കുന്ന വാഗ്ദാനങ്ങളായിരുന്നെങ്കിലും പലതും പ്രവൃത്തിയിൽ വന്നപ്പോൾ അമ്പേ പരാജയപ്പെട്ടു. പക്ഷെ അമേരിക്കൻ വിപ്ലവവും അതിന്റെ അനന്തരഫലമായ യുണൈറ്റഡ് സ്റ്റേറ്റ്സ് എന്ന രാഷ്ട്രവും 237 വർങ്ങൾക്കുശേഷവും ലോകത്ത് തലയുയർത്തി നിൽക്കുന്നു. എല്ലാവർക്കും സന്തോഷത്തോടെ ജീവിക്കാൻ അവകാശമുണ്ടെന്ന് പ്രഖ്യാപിക്കുന്ന അമേരിക്കൻ സ്വാതന്ത്ര്യപ്രഖ്യാപനം വലിയ മോഹന സുന്ദര വാഗ്ദാനങ്ങൊന്നും വൃഥാ നൽകുന്നില്ല. അതുകൊണ്ടാവാം ഫ്രഞ്ച് വിപ്ലവത്തിന് ലഭിച്ച സ്വീകാര്യതയും സൗന്ദര്യാത്മകതയും അമേരിക്കൻ വിപ്ലവത്തിന് ആഗോള തലത്തിൽ ലഭിക്കാതെ പോയതും. ലളിതവും ഹൃസ്വവുമാണ് അമേരിക്കൻ സ്വാതന്ത്ര്യ പ്രഖ്യാപനവും ഭരണഘടനയും. വലിയ വാചകമടിയൊന്നും ഇവ രണ്ടും നടത്തുന്നില്ല.

ഈ അവകാശങ്ങൾ ഭരണഘടനയോ അമേരിക്കൻ വിപ്ലവമോ സ്ഥാപക പിതാക്കളോ എന്തിനു രാഷ്ട്രം തനിയെ തന്നതാണെന്നും അവകാശപ്പെടുന്നില്ല. ദൈവത്തിൽനിന്ന് മനുഷ്യർക്ക് ലഭിക്കുന്ന മൗലിക അവകാശങ്ങളായാണ് അവയെ അമേരിക്കൻ ഭരണഘടന പ്രഖ്യാപിക്കുന്നത്. ദൈവം തന്നിട്ടുള്ള അവകാശങ്ങൾ എടുത്തുമാറ്റാൻ ആർക്കും അധികാരവുമില്ല. സർവ്വശക്തനായ ദൈവത്തിൽ സമർപ്പിതമായ അമേരിക്കൻ സ്വാതന്ത്ര്യപ്രഖ്യാപനം സെക്യുലർ ഫ്രഞ്ച് വിപ്ലവത്തിൽനിന്ന് വേറിട്ടു നിൽക്കുന്നു. സ്വാതന്ത്ര്യവും സുരക്ഷിതത്വവും നൽകിയാൽ മനുഷ്യനും സമൂഹവും സ്വയം വളർന്നുകൊള്ളും എന്നുള്ളതാണ് അമേരിക്കൻ സങ്കൽപ്പം. അതാണ് അമേരിക്കൻ ഡ്രീം. അതാണ് അമേരിക്കൻ താങ്ക്സ് ഗിവിംങ്സ്.

കഠിനാദ്ധ്വാനത്തെ അതു പ്രോത്സാഹിപ്പിക്കുന്നു. അവസരസമത്വത്തിന് അത് ആഹ്വാനം ചെയ്യുന്നു. കഠിനാധ്വാനത്തിലൂടെ വിജയിക്കാം എന്നതാണ് അമേരിക്ക നൽകുന്ന പാഠം. കഠിനാധ്വാനവും കഷ്ടപ്പാടും കൈമുതലായ നിരവധി തലമുറകൾ അമേരിക്കയിൽ എത്തി. ലോകത്തിന്റെ പല ഭാഗങ്ങളിൽ നിന്നുമുള്ളവരാണ് അമേരിക്ക എന്ന പുതിയ ഭൂമിയിലേക്ക് കഴിഞ്ഞ നൂറ്റാണ്ടുകളിലായി കുടിയേറിയത്. അമേരിക്കൻ ഡ്രീം ആയിരുന്നു അവരുടെ മനസിൽ. അതു സാക്ഷാത്ക്കരിക്കുക അവരുടെ ലക്ഷ്യവും. പതിറ്റാണ്ടുകളിലായി അമേരിക്കയിലേക്ക് കുടിയേറിയിട്ടുള്ള നമ്മുടെ സ്വന്തം മലയാളി സഹോദരങ്ങളും ഈ അമേരിക്കൻ ഡ്രീമിൽ പങ്കാളിത്തം ലഭിച്ചവരും ഗുണഭോക്താക്കളുമാണ്. പ്രതിസന്ധികളുണ്ടെങ്കിലും ഇന്നും ലോകത്തെ മോഹിപ്പിക്കുന്നതാണ് അമേരിക്കൻ ഡ്രീം പ്രതീക്ഷയും.

